# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.3110 13.03.2018 ൽ മറുപടിയ്ക്ക്**

**അപകടമുണ്ടാക്കുന്ന വാഹനങ്ങളെക്കുറിച്ചുള്ള വിവരം**

| ചോദ്യം<br>പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ | | മറുപടി<br>ശ്രീ. എ. കെ. ശശീന്ദ്രൻ<br>(ഗതാഗത വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് നിരന്തരമായി അപകടങ്ങൾക്ക് കാരണമാകുന്ന വാഹനങ്ങളെക്കുറിച്ച് വ്യക്തമായ വിവരം ഗതാഗത വകുപ്പിൽ ലഭ്യമാണോ; വ്യക്തമാക്കുമോ; | (എ) | അപകടത്തിൽപ്പെടുന്ന വാഹനങ്ങൾ സംബന്ധമായി പോലീസ് വകുപ്പിൽ നിന്നും വിവരങ്ങൾ കൈമാറുകയാണ് നിലവിൽ ചെയ്യുന്നത്. |
| (ബി) | ഒന്നിലധികം തവണ അപകടങ്ങൾക്ക് കാരണമാകുന്ന സ്വകാര്യ സർവ്വീസ് ബസ്സുകൾ, ഓട്ടോ റിക്ഷകൾ എന്നിവയുടെ ഡ്രൈവർമാർക്ക് ആവശ്യമായ ബോധവൽക്കരണം നൽകുവാൻ നടപടി സ്വീകരിക്കുമോ; | (ബി) | 'റോഡ് സുരക്ഷയ്ക്കായി ഒരു ദശകം' എന്ന ലോകാരോഗ്യ സംഘടന തുടക്കമിട്ട പരിപാടിയെ അടിസ്ഥാനമാക്കി മോട്ടോർ വാഹന വകുപ്പ് പുതിയതായി ലൈസൻസ് എടുക്കുന്നവർക്കായി പ്രീ ഡ്രൈവേഴ്സ് ടെസ്റ്റ് പരിശീലനം, ഡ്രൈവിംഗ് സ്കൂൾ ഇൻസ്ട്രക്ടർമാർക്കുള്ള പരിശീലനം, വിദ്യാർത്ഥികൾക്കും അദ്ധ്യാപകർക്കും ഉള്ള പരിശീലനം, ട്രാൻസ്പോർട്ട് നോൺ ട്രാൻസ്പോർട്ട് ഡ്രൈവർമാർക്ക് ഡ്രൈവിംഗിലും ട്രാഫിക് അവബോധം വളർത്തുന്നതിനുദ്ദേശിച്ചുള്ള പരിശീലനം എന്നിവയും ടിപ്പർ ലോറി, സ്കൂൾ വാഹനങ്ങൾ എന്നിവയിലെ ഡ്രൈവർമാർ എന്നിവർക്കും അവബോധന/പരിശീലന ക്ലാസ്സുകൾ സംഘടിപ്പിച്ച് വരുന്നു. |
| (സി) | ബസ്സ് സ്റ്റോപ്പുകളിൽ യാത്രക്കാർക്ക് ഇറങ്ങുവാൻ സമയം നൽകാതെ മുന്നോട്ട് പോകുന്ന ബസ്സുകൾക്കെതിരെ നടപടി സ്വീകരിക്കുന്നുണ്ടോ; ഇത് സംബന്ധിച്ച് തിരുവനന്തപുരം ആർ. ടി. ഓഫീസിൽ 2016 ജനുവരി ഒന്നു മുതൽ ലഭിച്ച പരാതികൾ എത്ര; നടപടികൾ എടുത്തത് എത്ര ബസ്സുകൾക്കെതിരെ; ഏതെല്ലാം; | (സി) | പ്രസ്തുത കാലയളവിൽ പരാതികൾ ഒന്നുംതന്നെ ലഭിച്ചിട്ടില്ല. |

| | | | |
|---|---|---|---|
| (ഡി) | ഓട്ടോ റിക്ഷാ ഡ്രൈവർമാർ യാത്രക്കാരോട് മോശമായി പെരുമാറുന്ന കാര്യം ഗതാഗത വകുപ്പ് പരിശോധിച്ചിട്ടുണ്ടോ; | (ഡി) | ഉണ്ട്. |
| (ഇ) | ഏതെല്ലാം ഓട്ടോ റിക്ഷകൾക്കെതിരെ 2016 ജനവരി ഒന്നു മുതൽ തിരുവനന്തപുരം ആർ. ടി. ഒ. നടപടി എടുത്തിട്ടുണ്ട്; വ്യക്തമാക്കുമോ; | (ഇ) | കെ.എൽ.01-ബിഎസ്8828 നമ്പർ ഓട്ടോറിക്ഷയ്ക്കെതിരെ 3500/-രൂപ പിഴ ഈടാക്കി. കെ.എൽ.01.ബി.എസ്.4912 നമ്പർ ഓട്ടോറിക്ഷ ഡ്രൈവറുടെ ലൈസൻസ് 3 മാസത്തേയ്ക്ക് സസ്പെൻഡ് ചെയ്തു. |
| (എഫ്) | ആർ. ടി. ഓഫീസുകളിൽ ലഭിക്കുന്ന പരാതികളിൽ നടപടി സ്വീകരിക്കുന്നില്ലെന്ന കാര്യം വകുപ്പ് പരിശോധിക്കുമോ; വ്യക്തമാക്കുമോ? | (എഫ്) | ആർ.ടി. ഓഫീസുകളിൽ ലഭിക്കുന്ന പരാതികളിൽ കർശന നടപടികൾ സ്വീകരിക്കുന്നുണ്ട്. |

**സെക്ഷൻ ഓഫീസർ**